തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഓരോ കള്ളുഷോപ്പിലും ജോലി നൽകി പുനരധിവസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലം അടച്ചുപൂട്ടിയ ചില സ്പിന്നിംഗ് മില്ലുകൾ, കശുവണ്ടി ഫാക്ടറികൾ, കയർ ഫാക്ടറികൾ എന്നിവ തുറന്നു പ്രവർത്തിക്കുന്നതിനായി വിവിധ തലങ്ങളിലായി ചർച്ചകൾ നടന്നുവരികയാണ്.

കർഷകത്തൊഴിലാളി പെൻഷൻ

62 [2834] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർഷക തൊഴിലാളി പെൻഷൻ പദ്ധതി പ്രകാരം എത്ര മാസത്തെ പെൻഷൻ നൽകുവാൻ ബാക്കിയുണ്ട്; ഇതിന് എത്ര രൂപ വേണ്ടിവരും; ആയത് എപ്പോൾ കൊടുത്ത് തീർക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

1-4-03 മുതൽ 28-2-05 വരെയുള്ള 23 മാസത്തെ കർഷക തൊഴിലാളി പെൻഷൻ വിതരണം ചെയ്യാൻ ബാക്കിയുണ്ട്. ഇത് വിതരണം ചെയ്യുന്നതിലേക്കായി 1,64,62,46,574 രൂപ (നൂറ്റി അറുപത്തിനാല് കോടി അറുപത്തി രണ്ട് ലക്ഷത്തിനാല്പത്തി ആറായിരത്തി അഞ്ഞൂറ്റി എഴുപത്തിനാല് രൂപ മാത്രം) ആവശ്യമായി വരും. സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നതനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്.

ഈറ്റ-കാട്ടുവള്ളി, തഴ തൊഴിലാളികൾക്ക് പെൻഷൻ ലഭ്യമാക്കാൻ നടപടി

63 [2835] ശ്രീ. എ. എൻ. രാജൻ ബാബു :

,, കെ. കെ. ഷാജു :

,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഈറ്റ-കാട്ടുവള്ളി, തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നപ്പോൾ അതിലേക്ക് മാറ്റം ചെയ്യപ്പെട്ട കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ബോർഡിലെ അംഗങ്ങൾക്ക് അവർ അടച്ചിട്ടുള്ള തുക നാളിതുവരെയുള്ള പലിശ സഹിതം പുതുതായി രൂപംകൊണ്ട ബോർഡിലേക്ക് കൈമാറാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈറ്റ-കാട്ടുവള്ളി, തഴ തൊഴിലാളികൾക്ക് വേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് 2000 ആഗസ്റ്റിലാണ് നിലവിൽ വന്നത്. ഈ ബോർഡ് നിലവിൽ വരുന്നതിനു മുമ്പ് അർഹതപ്പെട്ട പല തൊഴിലാളികളും നേരത്തെയുണ്ടായിരുന്ന കൈത്തൊഴിലാളി/വിദഗ്ദ്ധ തൊഴിലാളി പദ്ധതിയിൽ അംഗത്വമെടുത്തിരുന്നു. ഇവരിൽ ചിലർ വീണ്ടും പുതിയ പദ്ധതിയിൽ ചേർന്നു. ബാക്കിയുള്ളവർ പഴയ പദ്ധതിയിൽ ചേരാൻ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. എന്നാൽ മുൻ പദ്ധതിയിൽ പ്രത്യേക കോഡ് നമ്പർ ഇല്ലാത്തതിനാൽ ഈ തുക വേർത്തിരിച്ചു ഒരുമിച്ചു നൽകുവാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ ഇവർ നേരത്തെ അടച്ച തുക സംബന്ധിച്ച കണക്കുകൾ തിട്ടപ്പെടുത്തി ഉടൻ ഇത് പുതിയ പദ്ധതിയിലേക്ക് കൈമാറുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) തൊഴിലാളികളുടെ അംശാദായ അടവ് സംബന്ധിച്ച രേഖകൾ കൈത്തൊഴിലാളി ബോർഡിന്റെ ബന്ധപ്പെട്ട ആഫീസിൽ ഹാജരാക്കി പരിശോധിച്ച് തിട്ടപ്പെടുത്തിയതിനുശേഷം കാലവിളംബം കൂടാതെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ഈറ്റ, കാട്ടുവള്ളി ബോർഡിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തയ്യൽ തൊഴിലാളികളുടെ ആനുകൂല്യം

64 [2836] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് തയ്യൽ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നുണ്ടോ;

(ബി) ക്ഷേമനിധിയിൽ 2004 ഡിസംബർ അവസാനം വരെ എന്തു തുക യുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ക്ഷേമനിധി ആനുകൂല്യങ്ങൾ കുടിശ്ശികയുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ക്ഷേമനിധിയിൽ അംഗമായിട്ടുള്ളവരുടെ ആശ്രിതർക്ക് എന്തെല്ലാം ആനുകൂല്യമാണ് ഇപ്പോൾ നൽകിവരുന്നത്; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഇ) വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly